"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.സനീറ.ഇ, സീനിയർ ക്ലർക്ക്, സംസ്ഥാന ജലഗതാഗത വകുപ്പ്, പയ്യന്നൂർ മേഖലാ കാര്യാലയം എന്നവരുടെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി 03.09.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2627/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. 09/08/2024-ലെ സ.ഉ.(സാധാ)നം.1487/2024/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04/08/2025 -ലെ 2269/E1/2024/KSHO നം. കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി.സനീറ.ഇ , സീനിയർ ക്ലർക്ക്, സംസ്ഥാന ജല ഗതാഗത വകുപ്പ്, പയ്യന്നൂർ മേഖലാ കാര്യാലയം എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 03/09/2024 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 02/09/2025 -ൽ അവസാനിക്കുന്നതായും 03/09/2025 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സനീറ.ഇ , സീനിയർ ക്ലർക്ക്, സംസ്ഥാന ജല ഗതാഗത വകുപ്പ്, പയ്യന്നൂർ മേഖലാ കാര്യാലയം എന്നവരുടെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 03/09/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.സനീറ.ഇ , സീനിയർ ക്ലർക്ക്, സംസ്ഥാന ജല ഗതാഗത വകുപ്പ്, പയ്യന്നൂർ മേഖലാ കാര്യാലയം (സംസ്ഥാന ജല ഗതാഗത വകുപ്പ് ഡയറക്ടർ, ആലപ്പുഴ മുഖേന)
ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/245/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 01-11-2025 14:25:24

സെക്ഷൻ ഓഫീസർ